"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിക്കൻ റെൻഡറിങ് പ്ലാന്റുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് സ്റ്റേറ്റ് ലെവൽ ഫെസിലിറ്റേഷൻ/എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡബ്ല്യു എം) വകുപ്പ്**

സ.ഉ.(സാധാ) നം.1065/2025/LSGD തീയതി,തിരുവനന്തപുരം, 27-04-2025

---

പരാമർശം:-
1. സ.ഉ(കൈ)നം.227/2021/ത.സ്വ.ഭ.വ തീയ്യതി, 07.10.2021
2. റെൻഡറിങ് ഓണേഴ്സ് അസോസിയേഷൻ സമർപ്പിച്ച 25/11/2023 ലെ നിവേദനം
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26/03/2025-ലെ SM/86/2025-C3 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം ജില്ലകളിലെ കോഴിയറവ് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പിഴവുകൾ തിരുത്തുന്നതിനും പുതുതായി റെൻഡറിങ് പ്ലാന്റുകൾക്ക് അനുമതി നൽകുന്നതിനും മാലിന്യത്തിന് ന്യായമായ ടിപ്പിംഗ് ഫീ നിശ്ചയിക്കുന്നതിനും മറ്റുമായി ജില്ലാതല ഫെസിലിറ്റേഷൻ & മോണിറ്ററിങ് കമ്മിറ്റികൾ (DLFMC) രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ജില്ലാതല കമ്മിറ്റികളിൽ പരിഹരിക്കാൻ കഴിയാത്തതും, കോഴിയറവ് മാലിന്യവുമായി ബന്ധപ്പെട്ട അന്തർ ജില്ലാ പരാതികൾ പരിശോധിക്കുന്നതിനും, സംസ്ഥാന വ്യാപകമായി ടി മേഖലയിൽ നിലവിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കുമായി സംസ്ഥാനതലത്തിൽ വിദഗ്ധ സമിതി രൂപീകരിക്കണമെന്ന് റെൻഡറിങ് പ്ലാന്റ് ഓണേഴ്സ് അസോസിയേഷൻ പരാമർശം (2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

പ്രസ്തുത ആവശ്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്തർ ജില്ലാ കോഴിയറവ് മാലിന്യം സംബന്ധിച്ച വിഷയങ്ങൾ, പന്നിക്കർഷകർക്ക് കോഴി മാലിന്യം നൽകണമെന്ന ആവശ്യകത, നിലവിലെ റെൻഡറിങ് പ്ലാന്റുകൾക്കെതിരെ ഉയർന്ന് വരുന്ന പൊതുജനപ്രക്ഷോഭങ്ങൾ, ജില്ലകളിൽ നിന്നുള്ള ടിപ്പിംഗ് ഫീ ഏകീകരണം സംബന്ധിച്ച വിഷയങ്ങൾ എന്നിവ മുൻ നിർത്തി ടി മേഖലയിൽ നിലവിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിലേക്കായി സംസ്ഥാനതലത്തിൽ വിദഗ്ധ സമിതി രൂപീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരമുള്ള ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, ചിക്കൻ റെൻഡറിങ് പ്ലാന്റുകൾ സംബന്ധിച്ച വിഷയങ്ങൾ പരിഗണിക്കുന്നതിനായി ചുവടെ ചേർത്തിരിക്കും പ്രകാരം ഒരു സ്റ്റേറ്റ് ലെവൽ ഫെസിലിറ്റേഷൻ/എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി | ചെയർപേഴ്സൺ |
| 2 | എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ | കൺവീനർ |
| 3 | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് | മെമ്പർ |
| 4 | ചീഫ് എഞ്ചിനീയർ, LID&EW | മെമ്പർ |
| 5 | മെമ്പർ സെക്രട്ടറി, പൊല്യൂഷൻ കൺട്രോൾ ബോർഡ് | മെമ്പർ |
| 6 | ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് മീറ്റ് ടെക്നോളജി ഡിവിഷൻ, വെറ്റിനറി സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തി | മെമ്പർ |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, ഫുഡ് സേഫ്റ്റി ഡിപ്പാർട്ടമെന്റ് | മെമ്പർ |
| 8 | ചെയർമാൻ, കെപ്കോ | മെമ്പർ |
| 9 | ജില്ലാതല DLFMC ചെയർമാൻമാർ | മെമ്പർ |

കമ്മിറ്റിയുടെ Terms of Reference ചുവടെ ചേർക്കുന്നു:

a) അന്തർ ജില്ലാ കോഴിയറവ് മാലിന്യനീക്കം സംബന്ധിച്ച വിഷയങ്ങൾ
b) ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയാത്തതും, മാലിന്യനീക്കം തമ്മിലുള്ള ഏകോപനം ആവശ്യമായതുമായ വിഷയങ്ങൾ
c) നിലവിലെ റെൻഡറിങ് പ്ലാന്റുകൾക്കെതിരെ ഉയർന്ന് വരുന്ന പൊതുജനപ്രക്ഷോഭങ്ങൾ ജില്ലയിൽ പരിഹരിക്കാൻ കഴിയാത്തവ
d) ജില്ലകളിൽ നിന്നുള്ള ടിപ്പിംഗ് ഫീ ഏകീകരണം സംബന്ധിച്ച വിഷയങ്ങൾ
e) റെൻഡറിങ് പ്ലാന്റുകൾ സുഗമമായും എന്നാൽ കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നതിനാവശ്യമായ മറ്റ തീരുമാനങ്ങളും ജില്ലതല കമ്മിറ്റികൾ റെഫർ ചെയ്യുന്ന വിഷയങ്ങളും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മിറ്റി അംഗങ്ങൾ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 28-04-2025 08:36:30

സെക്ഷൻ ഓഫീസർ